**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1519** **11-09-2023 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിൽ സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച മാവേലിക്കര ഗവ. വൊക്കേഷണൽ ആന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, കുടശ്ശനാട് ഗവ. ഹയർ സെക്കന്ററി സ്കൂൾ, ചുനക്കര വി.എച്ച്.എസ്. സ്കൂൾ എന്നിവയുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ആയതിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | മാവേലിക്കര മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച മാവേലിക്കര ഗവ.വൊക്കേഷണൽ ആന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, ചുനക്കര വി.എച്ച്.എസ്. സ്കൂൾ എന്നിവയുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.<br><br>1 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട മാവേലിക്കര ഗവ.വൊക്കേഷണൽ ആന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചു. Sub Project Revisionന് വേണ്ടി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമായാലുടൻ നടപടി സ്വീകരിക്കുന്നതാണെന്ന് കില അറിയിച്ചിട്ടുണ്ട്.<br><br>1 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട കുടശ്ശനാട് ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ ഡിപിആർ കിഫ്ബി അംഗീകരിച്ചു. നിലവിൽ നിർമ്മാണങ്ങൾക്ക് പുതുക്കിയ DSR/GST നിരക്കുകൾ ബാധകമായതിനാൽ പുതുക്കിയ നിരക്ക് പ്രകാരമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് കില അറിയിച്ചിട്ടുണ്ട്.<br><br>3 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ചുനക്കര വി.എച്ച്.എസ്.എസ്.സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വിയായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>നിലവിൽ നിർമ്മാണങ്ങൾക്ക് പുതുക്കിയ DSR/GST നിരക്കുകൾ ബാധകമായതിനാൽ പുതുക്കിയ നിരക്ക് പ്രകാരമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഡിപിആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. കിഫ്ബിയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് കില അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മാവേലിക്കര മണ്ഡലത്തിൽ പ്ലാൻ ഫണ്ട് അനുവദിച്ച കുന്നം ഗവ. ഹയർ സെക്കന്ററി സ്കൂൾ, ഗവ. വൊക്കേഷണൽ ആന്റ് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, കുടശ്ശനാട് ഗവ. എച്ച്.എസ്.എസ്. എന്നിവയുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | കുന്നം ഹയർസെക്കൻഡറി സ്കൂൾ കെട്ടിടം നിർമ്മാണത്തിനായി 32.57 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെൻഡർ നടപടികൾ തുടങ്ങിയിട്ടില്ല<br><br>ഗവൺമെന്റ് വൊക്കേഷണൽ ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണത്തിനായി രണ്ടുകോടി രൂപ പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. താഴത്തെ നില പണിയുന്നതിനായി ഒരു കോടി രൂപയുടെ കിഫ്ബി ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നും സാങ്കേതിക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്. ഈ ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം പൂർത്തിയായ ശേഷം, പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള മുകൾനില കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്.<br><br>കുടശ്ശനാട് ഗവൺമെന്റ് എച്ച്എസ്എസ് കെട്ടിട നിർമ്മാണത്തിനായി രണ്ടു കോടി രൂപ പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. കൂടാതെ 1.39 കോടി രൂപ കിഫ്ബി ഫണ്ടും ടി സ്കൂളിന് അനുവദിച്ചിട്ടുണ്ട്.<br><br>സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി നിർമ്മാണ ഏജൻസിയായ കില അറിയിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് താഴെ നിലയിലെ കെട്ടിട നിർമ്മാണം പൂർത്തിയായ ശേഷം പ്ലാൻ ഫണ്ട് ഉപയോഗിച്ച് മുകൾ നില കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ